"ഭരണഭാഷ-മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ശ്രീ.എസ്.മോഹനൻ ഫയൽ ചെയ്ത ഒ.എ. നം.251/2016-ലെ 09.07.2019-ലെ അന്തിമ ഉത്തരവ് നടപ്പാക്കിക്കൊണ്ട് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.2846/2019/ത.സ്വ.ഭ.വ** **തിരുവനന്തപുരം, തീയതി, 13.12.2019.**

പരാമർശം: 1) 24.07.2018-ലെ ശ്രീ.എസ്.മോഹനൻ സമർപ്പിച്ച നിവേദനം (അനുബന്ധം A11)

2) ഗ്രാമ വികസന കമ്മീഷണറുടെ 17.12.2018-ലെ 36307/എസ്റ്റാ.ഡി1/09/സിആർഡി നമ്പർ കത്ത്.

3) ശ്രീ.എസ്.മോഹനൻ ഫയൽ ചെയ്ത ഒ.എ. നം. 251/2016 കേസിലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 09.07.2019-ലെ ഉത്തരവ്

**ഉത്തരവ്**

ശ്രീ.എസ്.മോഹനൻ, അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (റിട്ട.) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ സമർപ്പിച്ച ഒ.എ. നം. 251/2016-ലെ പരാമർശം (3) ഉത്തരവ് പ്രകാരം, ടിയാളുടെ 24.07.2018-ലെ അപേക്ഷ (Annexure A11) ഒന്നാം എതിർകക്ഷി, പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് പരിശോധിച്ച്, അപേക്ഷകനെ നേരിൽകേട്ടതിന് ശേഷം, ഉചിതമായ ഉത്തരവുകൾ പുറപ്പെടുവിക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് തീർപ്പാക്കിയിരുന്നു.

2. ശ്രീ.എസ്.മോഹനൻ 2000-ൽ കട്ടപ്പന ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ ആയി സേവനമനുഷ്ഠിക്കവെ ഇരട്ടയാർ പഞ്ചായത്തിലേക്ക് നടന്ന ഇലക്ഷനുമായി ബന്ധപ്പെട്ട് ഇന്ദിര ആവാസ് യോജന (IAY) പദ്ധതിയിൽ നിന്നും വകമാറ്റി ചെലവഴിച്ച ₹.2,50,000/- (രൂപ രണ്ട് ലക്ഷത്തി അൻപതിനായിരം മാത്രം) തിരിച്ചടച്ചിട്ടില്ലെന്ന് കണ്ടെത്തിയതിനെത്തുടർന്ന് ശ്രീ.എസ്.മോഹനനിൽ നിന്നും ₹.7,16,145/- (രൂപ ഏഴ് ലക്ഷത്തി പതിനാറായിരത്തി ഒരുനൂറ്റി നാല്പത്തഞ്ച് മാത്രം) ഈടാക്കുവാൻ കൊല്ലം ജില്ലാ കളക്ടർ റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചിരുന്നു. ഈ നടപടികൾ നിർത്തിവയ്ക്കണമെന്നപേക്ഷിച്ചുകൊണ്ട് ശ്രീ.എസ്.മോഹനൻ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഒ.എ. നം. 251/2016 കേസ് ഫയൽ ചെയ്തിരുന്നു.

3. 2000-ൽ നടന്ന ഇലക്ഷനുമായി ബന്ധപ്പെട്ട് തിരിച്ചടയ്ക്കാനുള്ള തുകയായി കണ്ടെത്തിയിട്ടുള്ള 2,50,000/- രൂപയുടെ പലിശയും പിഴപ്പലിശയും ചേർത്താണ് 7,16,145/- രൂപ ഈടാക്കുവാൻ നിശ്ചയിച്ചിട്ടുള്ളതെന്നും, ഇതിൽ ഇലക്ഷൻ ചെലവിലേക്ക് വിനിയോഗിച്ച 2,50,000/- രൂപയുൾപ്പെടെ 2,86,500/- രൂപയും (7,16,145/- രൂപയുടെ 40%) കളക്ഷൻ ചാർജ്ജായി 21,488/- രൂപയും ഉൾപ്പെടെ 3,07,988/- രൂപ 05.01.2016-ൽ അടച്ചിരുന്നുവെന്നും, പ്രസ്തുത തുക പൂർണ്ണമായി കട്ടപ്പന ബ്ലോക്കിൽ ലഭിക്കുകയും, ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ടെന്നും, അതിനാൽ, പിഴയും പിഴപ്പലിശയും ഈടാക്കുന്നത് ഒഴിവാക്കിത്തരണമെന്നാണ് പരാമർശം (1) നിവേദനത്തിൽ ആവശ്യപ്പെട്ടിരുന്നത്.

4. പരാമർശം (3)-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് അണ്ടർ സെക്രട്ടറി അപേക്ഷകനെ നേരിൽ കേൾക്കുകയുണ്ടായി.

5. നേരിൽകേട്ട വേളയിലും ടിയാൾ നിവേദനത്തിൽ വ്യക്തമാക്കിയിട്ടുള്ള വിവരങ്ങൾ ആവർത്തിച്ചു. ശ്രീ.മോഹനൻ നൽകിയിട്ടുള്ള കേസിലെ ഇടക്കാല ഉത്തരവ് പ്രകാരം ടിയാൾക്കെതിരെയുള്ള റവന്യൂ റിക്കവറി നടപടികൾ നിർത്തിവച്ചിട്ടുണ്ടെന്നും, കേസിലെ അന്തിമ ഉത്തരവുകൾക്ക് വിധേയമായി മാത്രമേ റവന്യൂ റിക്കവറി നടപടികളിന്മേൽ തീരുമാനമെടുക്കുവാൻ കഴിയുകയുള്ളുവെന്നും, ടിയാൾക്കെതിരെ അച്ചടക്ക നടപടികൾ നിലവിലുള്ളതിനാൽ പ്രൊവിഷണൽ പെൻഷൻ മാത്രമേ അനുവദിച്ചിട്ടുള്ളൂവെന്നും ഗ്രാമവികസന കമ്മീഷണർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

6. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2004-ൽ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ അയച്ച കത്ത് ശ്രീ.എസ്.മോഹനന് കൈപ്പറ്റുവാൻ സാധിച്ചില്ലായെന്നതും, ഇലക്ഷൻ കഴിഞ്ഞയുടനെ സ്ഥാനക്കയറ്റം ലഭിച്ച് കട്ടപ്പന ബ്ലോക്കിൽ നിന്നും മാറിപ്പോയി എന്നത് കണക്കിലെടുത്തും, അച്ചടക്ക നടപടി നേരിടുന്നതിനാൽ പ്രൊവിഷണൽ പെൻഷൻ മാത്രമേ ലഭിക്കുന്നുള്ളൂവെന്നതും ടിയാന്റെ പ്രായവും ആരോഗ്യസ്ഥിതിയും കണക്കിലെടുത്തും, ശ്രീ.എസ്.മോഹനന്റെ ബാദ്ധ്യതയായി കണ്ടെത്തിയിട്ടുള്ള തുകയായ രൂപ 7,16,145/--ൽ നിന്നും, ടിയാൻ 05.01.2016-ൽ ട്രഷറിയിൽ തിരികെ അടച്ചിട്ടുള്ള തുകയായ രൂപ 3,07,988/- കഴിച്ച്, പലിശ, പിഴപ്പലിശ ഇനത്തിലുള്ള ബാക്കിത്തുകയായ രൂപ 4,08,157/- (നാലുലക്ഷത്തി എണ്ണായിരത്തി ഒരുനൂറ്റി അമ്പത്തിയേഴ് രൂപ മാത്രം) ഒടുക്കുന്നതിൽ നിന്നും ശ്രീ.എസ്.മോഹനനെ ഒഴിവാക്കിക്കൊണ്ട് ഉത്തരവാകുന്നു.

7. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ. നം. 251/2016 കേസിലെ 09.07.2019-ലെ ഉത്തരവ് ഇപ്രകാരം നടപ്പാക്കിലാക്കിക്കൊണ്ട് ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**ജയശ്രീ എം.**
**അണ്ടർ സെക്രട്ടറി**

ശ്രീ.എസ്.മോഹനൻ, അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (റിട്ട.), കേരളഹൗസ്, ആണിക്കുളത്ത് ചിറ, പെരിനാട് പി.ഒ., കൊല്ലം - 691 601
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം/തൃശ്ശൂർ.
ജില്ലാ കളക്ടർ, കൊല്ലം
✓ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്. (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ